# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ(ടി.എസ്.ആർ)പി6-1215/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 15/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ(ടി.എസ്.ആർ)പി6-1215/2021 തീയ്യതി: 15/03/2022

## തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 16-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2021 | 16-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വി.കെ.രാം മനോഹർ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. സുധ.ഇ.എൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സ്റ്റാൻലി.പി.എസ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ. പി.ബി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജീജോ ജോബ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രേഖ.ഇ.സി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ബിന്ദു ബെന്നി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഷിനിൽ.സി.എൻ (അഡ്ഹോക്ക് കമ്മിറ്റി) | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ഹെന.കെ.കെ (കൃഷി ഓഫീസർ) (അഡ്ഹോക്ക് കമ്മിറ്റി) | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ബൈജു ദേവസി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീന.എസ്.എൻ (അസിസ്റന്റ് എഞ്ചിനീയർ) അഡ്ഹോക്ക് കമ്മിറ്റി) | പ്രസിഡന്റ് | 12-11-2020 | 29-12-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷിനിൽ.സി.എൻ | സെക്രട്ടറി | 01-04-2020 | 05-03-2021 |
| സീന.കെ.പി (AS) | സെക്രട്ടറി ഇൻചാർജ്ജ് | 06-03-2021 | 20-03-2021 |
| അൻവർ.പി.എ (HC) | സെക്രട്ടറി ഇൻചാർജ്ജ് | 21-03-2021 | 31-03-2021 |
| ഹെന.കെ.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| മനോജ് മാത്യു.പി | വെറ്ററിനറി സർജ്ജൻ | 01-04-2020 | 07-03-2021 |
| ചിത്ര ചന്ദ്രശേഖരൻ | വെറ്ററിനറി സർജ്ജൻ | 08-03-2021 | 31-03-2021 |
| ബാലകൃഷ്ണൻ.എം.ആർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| പാർവ്വതി.സി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| പ്രശാന്ത്.സി.എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 08-02-2021 |
| ജിഗിമോൾ.പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 09-02-2021 | 31-03-2021 |
| സിബി തോമസ്.പി | വിഇഒ (പൂമല സർക്കിൾ) | 01-04-2020 | 31-03-2021 |
| കാവ്യ.പി.സി | വിഇഒ (കിള്ളാനൂർ) | 01-04-2020 | 31-03-2021 |
| മനോജ്.പി.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 28-07-2020 |
| ഒഴിവ് | ഒഴിവ് | 29-07-2020 | 06-08-2020 |
| സീന.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 07-08-2020 | 31-03-2021 |
| അശ്വതി.ഇ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| സുഷമ.സി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 07-07-2020 |

| | | | |
|---|---|---|---|
| മഞ്ജുഷ.ടി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-07-2020 | 31-03-2021 |
| ശ്രീന.എസ്.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 23-08-2021) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 23-08-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 24-08-2021) | 1-5 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-6 |
| 9 | ക്ഷേമപെൻഷനുകൾ<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 24-08-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-10 |
| 13 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11 |
| 14 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-1 |
| 15 | വസ്തു നികുതി വാർഷിക കണക്കുകളും ഡി.സി.ബി.പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-2 |
| 16 | ലൈബ്രറി സെസ് ഡിമാന്റ് രേഖപ്പെടുത്തുന്നില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-3 |
| 17 | വസ്തുനികുതി-അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്ന മുൻകൂർ- വാർഷിക കണക്കും ഡി.സി.ബി. പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-4 |
| 18 | വസ്തുനികുതി- ഇല്ലാത്ത മുൻകൂർ ക്രമീകരിച്ചു<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-5 |

| | | |
|---|---|---|
| 19 | വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-6 |
| 20 | രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-7 |
| 21 | 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-8 |
| 22 | അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-9 |
| 23 | ആസ്തി രജിസ്റ്റർ<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-10 |
| 24 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-11 |
| 25 | ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനച്ചെലവ്<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 23-08-2021) | 1-11-12 |
| 26 | ആസ്തിയുടെ ഡിപ്രിസിയേഷൻ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 23-08-2021) | 1-11-13 |
| 27 | ഇ.കെ.നായനാർ ഭവന പദ്ധതി- വായ്പ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 23-08-2021) | 1-11-14 |
| 28 | വായ്പ രജിസ്റ്റർ പരിപാലിച്ചിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 23-08-2021) | 1-11-15 |
| 29 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-11-16 |
| 30 | തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും തുക നേരിട്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെടുന്ന ചില ചെലവുകൾ കാഷ് കോൺട്രാ വൗച്ചറായി ബന്ധപ്പെട്ട ബാങ്ക് ബുക്കുകളിൽ കാണിച്ചിരിക്കുന്നു.<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 23-08-2021) | 1-11-17 |
| 31 | മൂലധനച്ചെലവുകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-18 |
| 32 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-19 |
| 33 | ക്ലോസിംഗ് സ്റ്റോക്ക് മൂല്യം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-20 |
| 34 | തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യേണ്ട തുക ബാധ്യത ശീർഷകത്തിൽ രേഖപ്പെടുത്തി<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-01-2022) | 1-11-21 |
| 35 | ബ്ലോക്ക് വിഹിതം ചെലവ് ബാധ്യത ഹെഡ്ഡിൽ കുറവ് വരുത്തിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 23-08-2021) | 1-11-22 |
| 36 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021) | 1-11-23 |

| | | |
|---|---|---|
| | Last Updated By: Sunil.P.B (Asst. Audit Officer, On 24-08-2021) | |
| 37 | വ്യക്തിക്ക് ക്യാഷ് റെസിപ്റ് നൽകി കഴിഞ്ഞാൽ പ്രസ്തുത സാംഖ്യ റെസിപ്റ്റ് വീണ്ടും പ്രിന്റ് ചെയ്യപ്പെടുന്നു.<br>Written By: REKHA E.C. (Auditor, On 18-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-12 |
| 38 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 18-08-2021)<br>Last Updated By: REKHA E.C. (Auditor, On 18-08-2021) | 1-13 |
| 39 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 18-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-14 |
| 40 | വാടക ഈടാക്കുന്നതിലെ അപാകതകൾ<br>Written By: REKHA E.C. (Auditor, On 18-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-15 |
| 41 | വസ്തുനികുതി ഈടാക്കിയതിൽ അപാകത<br>Written By: REKHA E.C. (Auditor, On 18-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-16 |
| 42 | 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: REKHA E.C. (Auditor, On 24-08-2021)<br>Last Updated By: REKHA E.C. (Auditor, On 26-08-2021) | 1-17 |
| 43 | സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-18 |
| 44 | വ്യാപാര സംരംഭക ലൈസൻസ് - അപാകതകൾ<br>Written By: REKHA E.C. (Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-19 |
| 45 | ലൈസൻസ് എടുക്കാതെ റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ മുതലായവ പ്രവർത്തിച്ചു വരുന്നു.<br>Written By: REKHA E.C. (Auditor, On 24-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-19-1 |
| 46 | ഓഡിറ്റോറിയങ്ങൾ ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 24-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-19-2 |
| 47 | അനർഹമായ സ്ഥാപനത്തിന് ടെണ്ടർ ഫോം ഫീ, ഇ.എം.ഡി എന്നിവ ഒഴിവാക്കി നൽകി<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-20 |
| 48 | സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- ഉത്തരവ് പാലിക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-21 |
| 49 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ-പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 21-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-22 |
| 50 | വികസനഫണ്ട് - എസ്.സി.പി. വിനിയോഗിച്ച പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 21-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-23 |
| 51 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Sunil.P.B (Asst. Audit Officer, On 21-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 25-08-2021) | 1-24 |
| 52 | നിർവ്വഹണ ഏജൻസിയുമായി ഏർപ്പെട്ടിരിക്കുന്ന കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 21-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-25 |

| | | |
|---|---|---|
| 53 | മഴക്കാല പൂർവ്വ ശുചീകരണം മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 21-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-26 |
| 54 | പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-27 |
| 55 | ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-28 |
| 56 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-29 |
| 57 | മരാമത്ത് പണികൾ - പൊതുഅപാകതകൾ - സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-30 |
| 58 | മരാമത്ത് പണികൾ - മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-31 |
| 59 | അമ്മാംകുഴി റോഡ് മെയിൻ റീടാറിങ്ങ് - അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-32 |
| 60 | കനാൽ ബണ്ട് റോഡ് വടക്ക് സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ് - അപാകതകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-33 |
| 61 | മാരാർ റോഡ് റീടാറിങ്ങ് മെയിന്റനൻസ് - അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-34 |
| 62 | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ റോഡ് കാന വൃത്തിയാക്കൽ പ്രവൃത്തി വർക്ക്സ് കോൺട്രാക്ട് ഇനത്തിൽ പെടുത്തി ജി.എസ്.ടി വിഹിതം അനുവദിച്ചത് ക്രമത്തിലല്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-35 |
| 63 | MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-36 |
| 64 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ചെലവഴിച്ച തുക ദുരന്ത നിവാരണ പ്രതിരോധ ഫണ്ടിൽ നിന്ന് തനത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചില്ല.<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-37 |
| 65 | തെരുവ് വിളക്ക്, കുടിവെള്ള വിതരണം ആവർത്തന ചെലവുകൾ കണ്ടെത്തുന്നതിന് സേവന ഉപനികുതി അപര്യാപ്തം<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-38 |
| 66 | വാങ്ങലുകൾ ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലേസ് (GeM) വഴി നടത്തുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 1-39 |
| 67 | പഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പിൽ വൻ കുറവ്<br>Written By: Jeejo Job (Senior Grade Auditor, On 23-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-40 |
| 68 | പദ്ധതി പൂർത്തീകരണ ശേഷം വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 24-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-41 |

| | | |
|---|---|---|
| 69 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും - സ്റ്റോക്കിലെടുത്ത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 24-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 1-42 |
| 70 | മുൻകൂർ തുക അടവാക്കിയിട്ടും മരുന്നുകൾ ലഭ്യമായില്ല<br>Written By: Stanley P S (Asst. Audit Officer, On 25-08-2021)<br>Last Updated By: Stanley P S (Asst. Audit Officer, On 25-08-2021) | 1-43 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അമ്മാംകുഴി റോഡ് മെയിൻ റീടാറിങ്ങ് - അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 3-1 |
| 2 | കനാൽ ബണ്ട് റോഡ് വടക്ക് സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ് - അപാകതകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 3-2 |
| 3 | മാരാർ റോഡ്  റീടാറിങ്ങ് മെയിന്റനൻസ് - അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-12-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 27-08-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: REKHA E.C. (Auditor, On 08-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: REKHA E.C. (Auditor, On 08-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: Jeejo Job (Senior Grade Auditor, On 01-10-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: REKHA E.C. (Auditor, On 08-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: REKHA E.C. (Auditor, On 08-08-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 15-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 07.03.20 ലെ തീരുമാനം 14/20പ്രകാരം 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 11.03.20ലെ ഭരണസമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 77,74,265 രൂപയും, പ്രതീക്ഷിത വരുമാനം 36,51,75,800രൂപയും ചേർത്ത് ആകെ വരവ് 37,29,50,065 രൂപയും ആകെ ചെലവ് 36,52,13,799 രൂപയും നീക്കിബാക്കി 77,36,266 രൂപയും ആണ്. പഞ്ചായത്ത് ഭരണസമിതിയുടെ 24.03.20 ലെ തീരുമാനം 1(1) അനുസരിച്ച് മേൽ പ്രകാരം അവതരിപ്പിച്ച 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ഉടർന്ന് 19.02.21 ലെ പ്രത്യേക യോഗത്തിലെ തീരുമാനം 1(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി 2021-22 വർഷത്തെ ബജറ്റ് അംഗീകരിക്കുമ്പോൾ മാത്രമാണ് 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു കാണുന്നത്. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 31,11,842.30രൂപയും, പ്രതീക്ഷിത വരുമാനം 12,52,76,750രൂപയും ചേർത്ത് ആകെ വരവ് 12,83,88,592.30 രൂപയും ആകെ ചെലവ് 12,70,75,771 രൂപയും നീക്കിബാക്കി 13,12,821.30രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് നോൺ പ്ലാൻ വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതേ സമയം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | 06.03.20 | സമയപരിധി കഴിഞ്ഞ് |
| വികസനം | 04.03.20 | സമയപരിധി കഴിഞ്ഞ് |
| ക്ഷേമകാര്യം | 06.03.20 | സമയപരിധി കഴിഞ്ഞ് |

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(II) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(III) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(IV) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(VI) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(VII) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(VIII) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ ചെയ്തതും പഞ്ചായത്ത് അംഗീകരിച്ചതും ആയ ബജറ്റിൽ ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാക്കിയ ബജറ്റ് ചട്ട വ്യവസ്ഥ പാലിക്കപ്പെട്ടതല്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

### 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ്

മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ, Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(III)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല

(II) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

16.01.21ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 1/21പ്രകാരം, സർക്കാരിന്റെ 10.01.21 ലെ ജി.ഒ.നം. 63/21/തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികളിൽ അനുയോജ്യമായ നിയമാനുസൃത ഭേദഗതികൾ നടത്തുന്നതിനും, പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ഉപയോഗിച്ച് ഉചിതമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

20.04.20 ലെ വികസനസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 1/20 പ്രകാരം, 2019-20 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പൂർത്തീകരിക്കാത്ത 95 പ്രോജക്ടുകൾ സ്പിൽ ഓവറായി കൊണ്ടുവരുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

06.07.20 ലെ വികസനസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 1(1) പ്രകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 59 പദ്ധതികൾ ഭേദഗതി ചെയ്യുന്നതിനും, 34പദ്ധതികൾ ഉപേക്ഷിക്കുന്നതിനും, 14പദ്ധതികൾ പുതുതായി ഏറ്റെടുക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 19.02.21 ൽ ചേർന്ന പ്രത്യേകയോഗത്തിലെ തീരുമാനം നമ്പർ 1(1) അനുസരിച്ച് 2021-22 ലെ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയപ്പോൾ 2020-21 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. ഇപ്രകാരം 2021-22ലെ ബജറ്റ് അംഗീകരിക്കുമ്പോൾ മാത്രം 2020-21ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത് പ്രസ്തുത സാമ്പത്തിക വർഷത്തിൽ ( 2020-21) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൌണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 15-07-2021 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,61,10,652.3 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,27,06,511 |
| ആകെ | 9,88,17,163.3 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,86,75,207 |
| നീക്കിയിരിപ്പ് | 1,01,41,956.3 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ)* | ഇല്ല | 1,16,41,500 | 1,16,41,500 | 1,16,41,500 | 0 |
| 2 | വികസനഫണ്ട് (എസ്.സി.പി)** | ഇല്ല | 51,81,723 | 51,81,723 | 51,81,723 | 0 |
| 3 | വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 74,000 | 74,000 | 0 | 74,000 |

| | | | | | | |
|---|---|---|---|---|---|---|
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied) | ഇല്ല | 66,75,772 | 66,75,772 | 56,87,302 | 9,88,470 |
| 5 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | ഇല്ല | 45,30,000 | 45,30,000 | 29,51,037 | 15,78,963 |
| 6. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ഇല്ല | 1,88,86,000 | 1,88,86,000 | 1,88,86,000 | 0 |
| 7. | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | ഇല്ല | 34,56,681 | 34,56,681 | 34,56,681 | 0 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ,കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയ്ക്ക് പലതിനും ACR എഴുതിസൂക്ഷിച്ചിട്ടില്ല. എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടുള്ളവയിൽ, വരവ്, ചെലവ്, നീക്കിബാക്കി എന്നിവയുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി ഫണ്ടുകളുടെ വരവ് ചെലവ് നീക്കിബാക്കി കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

* അംഗൻവാടിജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക – 1445400 (481800*3), ലൈഫ് മിഷൻ വായ്പ തിരിച്ചടവ് – 307412 (153706*2) എന്നീ തുകകൾ ഉറവിടത്തിൽ നിന്നും കുറവ് ചെയ്യതിനാൽ ആയവ റസീറ്റ് & പേയ്മെന്റിൽ ഉൾപ്പെടുന്നില്ല.

** ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് -43882/-(21941*2) തുക ഉറവിടത്തിൽ കുറവ് ചെയ്യതിനാൽ ആയത് റസീറ്റ് & പേയ്മെന്റിൽ ഉൾപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരംലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 268 | 103834608 | 202 | 62795013 | 14 | 52 | 75 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3269 | 1233612 | 1236881 | 1225524 | 11,357 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20515077 | 20515077 | 20515077 | 0 |
| ആകെ | 3,269 | 2,17,48,689 | 2,17,51,958 | 2,17,40,601 | 11,357 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 65 |
| കർഷകതൊഴിലാളി പെൻഷൻ | 33,14,300 | 225 |
| വിധവാ പെൻഷൻ | 1,38,53,100 | 920 |
| വാർദ്ധക്യകാലപെൻഷൻ | 2,19,28,300 | 1580 |
| വികലാംഗപെൻഷൻ | 34,35,500 | 223 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16,49,500 | 113 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120,000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2021 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6544/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-02-2021 മുതൽ 11-02-2021 വരെ | 04/2020 മുതൽ 12/2020 വരെ | 19-03-2021 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-06-2020 മുതൽ 11-06-2020 വരെ | 2015-16 മുതൽ 2019-20 വരെ | 10-08-2020 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-11-2 വസ്തു നികുതി വാർഷിക കണക്കുകളും ഡി.സി.ബി.പത്രികയും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.1തൻവർഷം

1.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 21,74,218 | 21,28,688 | 43,013 | 5,840 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 21,74,218 | 21,25,358 | 43,013 | 5,847 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (6,141/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 22,70,999 | 20,33,367 | 14,914 | 2,27,560 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 22,70,999 | 20,28,525 | 14,914 | 2,28,562 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (2,39,990/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.2കടിശ്ശിക

1.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2,749 | 2,762 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *2,251 | 2,749 | 0 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (2364/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5,82,671 | 24,711 | 5,52,273 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *5,77,002 | 20,827 | **5,59,413 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (140176+465676=605852/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(5,87,384/105X100)=....... (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 1,11,417 | 143 | 1,11,560 | 1,08,713 | 139 | 1,08,852 | 2,479 | | 295 | 0 | 294 |
| | നോൺ-റെസിഡൻഷ്യൽ | 1,15,351 | 27,628 | 1,42,979 | 1,02,068 | 1,239 | 1,03,307 | 804 | | 12,430 | 27,628 | 37,970 |
| | ആകെ | 2,54,539 | | | 2,12,159 | | | 3,283 | | 38,264 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | *0 | | | 2,12,271 | | | | *0 | 38,264 | | |
| | | *431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21 പ്രകാരം ഡിമാന്റ് തുക ഇല്ല. ഖണ്ഡിക 2.4 കാണുക. | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21 | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്)=ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:1.1.1, 1.1.2, 1.2.1, 1.2.2, 1.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

## 1-11-3 ലൈബ്രറി സെസ് ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തുമ്പോൾ ഡി.സി.ബി പ്രകാരം തൻവർഷം ആകെ പിരിച്ചെടുക്കാനുള്ള വസ്തുനികുതിയും ലൈബ്രറി സെസ്സും ചേർന്ന തുക Receivables For Property Tax (Current-Residential & Non Residential) ശീർഷകങ്ങളിൽ ഡെബിറ്റ് ചെയ്യുകയും വസ്തുനികുതി ഡിമാന്റ് 1 ൽ തുടങ്ങുന്ന പ്രോപ്പർട്ടി ടാക്സ് ഇൻകം ഹെഡ്ഡിലും ലൈബ്രറി സെസ് ഡിമാന്റ് 431910101 State Govt.Cesses / Levies In Property Taxes-Control Account ലും ക്രെഡിറ്റ് ചെയ്യുകയുമാണ് ചെയ്യേണ്ടത്. എന്നാൽ 2020-21 വർഷത്തിൽ റീസിവബിൾ ശീർഷകങ്ങളിൽ ലൈബ്രറി സെസ് ഉൾപ്പെടുത്താതെ വസ്തുനികുതി മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. ലൈബ്രറി സെസ് ഡിമാന്റ് സ്റ്റേറ്റ് ഗവ.സെസ്സസ് & ലെവീസ് കൺട്രോൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല. മാത്രമല്ല 2019-20 വർഷം പിരിച്ചെടുക്കാനുള്ള ലൈബ്രറി സെസ്സ് ആയി കൺട്രോൾ അക്കൗണ്ടിൽ അവശേഷിച്ച തുക Receivables Property Tax -Arrear ശീർഷകങ്ങളിൽ ക്രെഡിറ്റ് ചെയ്യുകയും അപ്രകാരം കൺട്രോൾ അക്കൗണ്ടിലെ ഡിമാന്റ് ഒഴിവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. പിന്നീട് വർഷാവസാനം റിസീവബിൾ ശീർഷകങ്ങളിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതിക്ക് ആനുപാതികമായ ലൈബ്രറി സെസ്സ് തുക കണക്കാക്കി സ്റ്റേറ്റ് സെസ്സസ് & ലെവീസ് കൺട്രോൾ അക്കൗണ്ടിൽ പിരിച്ചെടുക്കാനുള്ള ലൈബ്രറി സെസ്സ് ആയി രേഖപ്പെടുത്തുന്നു. ഇപ്രകാരം ചെയ്യുന്നത് നിലവിലെ അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-11-4 വസ്തുനികുതി-അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്ന മുൻകൂർ- വാർഷിക കണക്കും ഡി.സി.ബി. പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" ഡി.സി.ബി.യിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ ഡി.സി.ബി. പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 2,83,915 | 2,87,065 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 1,13,067 | 1,26,223 |

## 1-11-5 വസ്തുനികുതി- ഇല്ലാത്ത മുൻകൂർ ക്രമീകരിച്ചു

2019-20 വർഷത്തിൽ Prior Period Items എന്ന നോമിനൽ അക്കൗണ്ട് പ്രകാരം 350410101- Advance Collection-Property Tax On Residenetial Buildings എന്ന ശീർഷകത്തിലെ അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന താഴെ പറയും പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

| ജേണൽ വൗച്ചർ നം. | തീയതി | തുക |
|---|---|---|
| 41900319 | 31/03/21 | 81,496 |
| 41900327 | 31/03/21 | 3,19,617 |

ആയതിനാൽ 2020-21 വർഷത്തിൽ 43013/- രൂപ 350410101- Advance Collection-Property Tax On Residenetial Buildings എന്ന ശീർഷകത്തിൽ നിന്നും 431100101- Receivables For Property Tax On Residential Buildings (Current) എന്ന ശീർഷകത്തിലേക്ക് ജേണൽ വൗച്ചർ (നം.42000203/30.03.21) പ്രകാരം അഡ്ജസ്റ്റ് ചെയ്തത് അംഗീകരിക്കുന്നില്ല.

## 1-11-6 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികതി ഡിമാന്റ് ഉക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ മുളങ്കുന്നത്ത് കാവ് ഗ്രാമപഞ്ചായത്തിൽ 113 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01/04/2020 ൽ ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-7 രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന ഇനങ്ങൾ പരിശോധിക്കുന്നതിന് രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

## 1-11-8 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (500) |
| 280100102-Prior Period Income -Professsion Tax -Instiutions/Professionals/Traders | (1,250) |
| 280100104-Prior Period Income -Property Tax On Non-residential Buildings | (5,682) |
| 280100105-Prior Period Income – Service Cess On Residential Buildings | (98) |
| 280100104-Prior Period Income -Service Cess On Non-residential Buildings | 4,447 |

## 1-11-9 അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല

ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11-10 ആസ്തി രജിസ്റ്റർ

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-11 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 59,68,696 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2021-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (76,46,019) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-12 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനച്ചെലവ്

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101-Other Fixed Assetsഎന്ന ആസ്തിക്ക് 34,858 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation 11,22,541 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

## 1-11-13 ആസ്തിയുടെ ഡിപ്രിസിയേഷൻ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് പ്രകാരം 410710199- Movable Assets- Others എന്ന ആസ്തിക്ക് 28,26,445/- രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ടി ആസ്തിയുടെ അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11-14 ഇ.കെ.നായനാർ ഭവന പദ്ധതി- വായ്പ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 ൽ 330500102 Secured Loan From Co-operative Banks എന്ന ശീർഷകത്തിലെ ലോൺ ബാക്കി തുക, വായ്പാ രജിസ്റ്ററിലെ ലോൺ ബാക്കി തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-11-15 വായ്പ രജിസ്റ്റർ പരിപാലിച്ചിട്ടില്ല

330500202 Secured Loans – Loan From HUDCO എന്ന വായ്പയുടെ വായ്പാ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 1-11-16 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് താഴെ പറയുന്ന ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | 31-03-20 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | 320100301-Grants, Funds & Contributions For Specific Purposes-other Than Development Fund And State Sponsored Schemes | 45,000/- |
| 2 | 320200309- Literacy Scheme Grant | 1,080/- |
| 3 | 320200310- Drought Relief Grant | 10,000/- |
| 4 | 320300101- Grants, Funds & Contributions For Specific Purpose- Jeevadhara | 490,000/- |
| 5 | 320300199-Grants, Funds & Contributions For Specific Purposes- Other Govt.Agencies | 48,55,204 |
| 6 | 320800101- Beneficiary Contributions | 2,94,094 |

## 1-11-17 തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും തുക നേരിട്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെടുന്ന ചില ചെലവുകൾ കാഷ് കോൺട്രാ വൗച്ചറായി ബന്ധപ്പെട്ട ബാങ്ക് ബുക്കുകളിൽ കാണിച്ചിരിക്കുന്നു.

ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും തുക നേരിട്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെടുന്ന ചില ചെലവുകൾ കാഷ് കോൺട്രാ വൗച്ചറായി ബന്ധപ്പെട്ട ബാങ്ക് ബുക്കുകളിൽ കാണിച്ചിരിക്കുന്നു. എന്നാൽ കോൺട്രാ ആയി കാണിച്ചിട്ടുള്ള ഇത്തരം ഇടപാടുകളിൽ യഥാർത്ഥത്തിൽ പണം തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് ചെലവഴിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് | വൗച്ചർ തരം | വൗച്ചർ നം. | തീയതി | തുക | ചെലവിനം |
|---|---|---|---|---|---|
| 450250109- ടി.എസ്.ബി | കാഷ് കോൺട്രാ | 32000083 | 02/07/2020 | 4,50,539 | ശമ്പളം, ഹോണറേറിയം |
| | | 32000086 | 03/07/2020 | 1,60,556 | റിക്കവറി റെമിറ്റൻസ് |
| | | 32000116 | 03/08/2020 | 3,93,220 | ശമ്പളം, ഹോണറേറിയം |

## 1-11-18 മൂലധനച്ചെലവുകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത് (4,05,49,046). വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-11-19 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 4,12,525രൂപയാണ്. എന്നാൽ അസി.എഞ്ചിനീയർ ലഭ്യമാക്കിയ പാർട്ട്ബിൽ നൽകിയ പദ്ധതികളുടെ പട്ടികയിൽ ഉൾപ്പെട്ട പദ്ധതികളുടെ ചെലവ് സ്റ്റേറ്റ് മെന്റ് പ്രകാരം 14,15,063/- രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്.

## 1-11-20 ക്ലോസിംഗ് സ്റ്റോക്ക് മൂല്യം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

2020-21 വർഷത്തെ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11-21 തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യേണ്ട തുക ബാധ്യത ശീർഷകത്തിൽ രേഖപ്പെടുത്തി

320300199- Grants, Funds & Contributions For Specific Purposes - Other Government Agencies എന്ന ലെഡ്ജറിൽ താഴെ പറയുന്ന തുകകൾ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| വൗച്ചർ നം. | തീയതി | തുക |
|---|---|---|
| 120030900022 | 21.10.2020 | 24,16,905 |
| 120030900050 | 22.01.2021 | 9,07,299 |
| 120030900051 | 22.01.2021 | 15,00,000 |

ടി തുകകൾ കില സി.എഫ്.എൽ.ടി.സി. പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നേരിട്ട ചെലവഴിച്ചത് ജില്ല കളക്ടർ റീഫണ്ട് ചെയ്തതാണെന്നാണ് വിവരണത്തിൽ നിന്നും ബന്ധപ്പെട്ട ഫയലുകളിൽ നിന്നും വ്യക്തമാകുന്നത്. തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യേണ്ട തുക ബാധ്യത ഹെഡ്ഡിൽ തെറ്റായി ക്രെഡിറ്റ് ചെയ്തു.

## 1-11-22 ബ്ലോക്ക് വിഹിതം ചെലവ് ബാധ്യത ഹെഡ്ഡിൽ കുറവ് വരുത്തിയില്ല.